# ACCADEMIC




## Govt U P S Keechery

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- മേഖല , ഉപമേഖല , ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല,

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ :**U P S .** കീച്ചേരി |
| വിലാസം | : കുലയേറ്റിക്കര **P O** |
| ഫോൺ നമ്പർ | : **04842746818** |
| സ്കൂൾ കോഡ് | : **26439** |
| വിദ്യാഭ്യാസ ഉപജില്ലാ | : തൃപ്പുണിത്തുറ |
| വിദ്യാഭ്യാസ ജില്ലാ | : എറണാകുളം |
| റവന്യൂ ജില്ലാ | : എറണാകുളം |
| ബി ആർ സി | : തൃപ്പുണിത്തുറ |
| സി ആർ സി | : ആമ്പല്ലൂർ |
| ഗ്രാമപഞ്ചായത്ത് | : ആമ്പല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : പിറവം |
| ലോകസഭാ മണ്ഡലം | : കോട്ടയം |
| താലൂക്ക് | : കണയന്നൂർ |
| **Email** | **: keecherygups.2010@gmail.com** |

# ആമുഖം

അക്കാദമിക മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മാ പദ്ധതി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഗവൺമെൻറ് യുപിഎസ് കീച്ചേരി 2025-26 ലക്ഷ്യമിടുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയ അക്കാദമിക മാസ്റ്റർ പ്ലാൻ

പാഠ്യപാഠ്യേതര രംഗത്ത് മികവ് പുലർത്തുന്ന സ്കൂൾ ആണിത്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു. ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിൽ സാഹചര്യത്തിൽ ഒരുക്കുന്നു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിൻറെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എയുടെ ഇടപെടലും പൂർവ വിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹരിത ഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പ് ശിശു സൗഹൃദപരമായ പഠന അന്തരീക്ഷം എന്നിവ സ്കൂളിൻറെ മുഖമുദ്രയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാർട്ടിയെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകുവാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കും എന്ന് പ്രതീക്ഷിക്കട്ടെ.

# ലക്ഷ്യങ്ങൾ

#അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക

#മൂല്യനിർണയ രീതിശാസ്ത്രം സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക

#സാങ്കേതികവിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

#ഭരണപരമായ കാര്യക്ഷമത വർധിപ്പിക്കുക

#ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പുവരുത്തുക

#ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

#പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ- [illegible] , തൊഴിൽ

#ഉദ്ഗ്രഥന വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള പൊതുധാരണ നൽകുക

#നാസ്/ [illegible].ആർ.എസ്. 2024ന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച [illegible] ചെയ്ത് നടപ്പിൽ ആക്കുക

#സ്കൂൾ എസ് ആർ ജി മീറ്റിംഗുകളും സബ്ജക്ട് കൗൺസിൽ യോഗങ്ങളും കാര്യക്ഷമമായി നടത്തുക

# ദേശീയതലത്തിൽ നടത്തുന്ന പരീക്ഷകളിൽ നമ്മുടെ കുട്ടികൾക്ക് മികച്ച നിലവാരം പുലർത്തുന്നതിനു നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾനടപ്പിൽ ആക്കുക

#എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ എഴുതുവാനും വായിക്കാനുള്ള കഴിവ് ഉറപ്പു വരുത്തുക

#സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയ ആധുനികവൽക്കരിക്കുക

#കൃഷി ഔഷധത്തോട്ടം ഉദ്യാനം ജൈവോദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്ന വിദ്യാർത്ഥികളെ സംഘങ്ങളാക്കി രൂപീകരിക്കൽ

#വിദ്യാലയം ഹൈടെക് കൈ മാറ്റുക

# കീച്ചേരി സ്കൂളിന്റെ ചരിത്രം

എറണാകുളം ജില്ലയിലെ കീച്ചേരി എന്ന പൗരാണിക പ്രസിദ്ധമായ ഗ്രാമത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്ന ശതാഭിഷേകത്തോടടുക്കുന്ന ഈ സരസ്വതിക്ഷേത്രം തലമുറകളുടെ അകക്കണ്ണ് തുറപ്പിക്കുന്ന വരദാനമായി വർത്തിക്കുന്നു. പാഠ്യ-പാഠ്യേതര മേഖലകളിൽ നിരന്തരം മികവു പുലർത്തി കൊണ്ട് മുന്നേറുന്ന വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും അനുദിനം മെച്ചപ്പെട്ടു വരുന്നു.

കൊച്ചി രാജാക്കൻമാരുടെ കാലത്തു തന്നെ പള്ളികളോടും മറ്റു മതസ്ഥാപനങ്ങളോടും ചേർന്നുള്ള വിദ്യാലയങ്ങൾക്ക് ഗ്രാന്റ് കൊടുത്ത് സർക്കാർ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. അക്കാലത്ത് നാട്ടിലെ സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസത്തെ ലക്ഷ്യമാക്കി കൊട്ടാരം കാര്യസ്ഥനായിരുന്ന സമ്പ്രതി മേനോൻ എന്നറിയപ്പെട്ടിരുന്ന പുറത്തേക്കാട്ട് ശങ്കുണ്ണിമേനോന്റെ മേൽനോട്ടത്തിൽ ഒരു സ്കൂൾ 1925 ജൂണിൽ [1100 ഇടവം] ഷാപ്പിള്ളി ദേശത്ത് പ്രവർത്തനം ആരംഭിച്ചു. കാലത്തുമേനോൻ സ്കൂൾ ഇൻസ്പെക്ടറായിരുന്ന രാമൻ മേനോന്റെ ശ്രമഫലമായി പ്രസ്തുത വിദ്യാലയം കൊച്ചി സർക്കാർ ഏറ്റെടുത്തു. അന്നു മുതൽ മലയാളം സ്കൂൾ കീച്ചേരി എന്ന പേരിൽ പ്രവർത്തനം തുടർന്നു. 1951 സെപ്തംബറിനു ശേഷം ജി.പി.എസ് കീച്ചേരി എന്നറിയപ്പെട്ടു.

മഹാത്മജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസ രീതി വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കിയപ്പോൾ, 1958 മെയ്മാസത്തോടെ വിദ്യാലയം ജൂനിയർ ബേസിക് സ്കൂൾ കീച്ചേരി [J.B.S കീച്ചേരി] എന്ന് അറിയപ്പെടാൻ തുടങ്ങി.

അധ്യാപക രക്ഷകർതൃസംഘടന ഈ വിദ്യാലയത്തെ യു.പി സ്കൂളാക്കി ഉയർത്തുവാനുള്ള ശ്രമങ്ങളാരംഭിച്ചു. 1980 ൽ ഈ ശ്രമം സഫലമായി. അങ്ങനെ നാട്ടുകാരുടെ ചിരകാലാഭിലാഷം സഫലീകൃതമായി. അന്നുമുതൽ GUPS കീച്ചേരി, എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം ' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും ' വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## ➢ പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

➢

- ➢ എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- ➢ അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി,ലക്ഷ്യം,പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- ➢ കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
- ➢ ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- ➢ സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## ➢ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ശാസ്ത്രപോഷണ പരിപാടി
* വായനാ പരിപോഷണം
* ലബോറട്ടറി ആധുനികവത്കരിക്കൽ
* പ്രതിഭാപോഷണ പരിപാടി
* നാടകക്കളരി
* ജൈവ വൈവിധ്യപാർക്ക്
* സാഹിത്യ പോഷണ പരിപാടികൾ
* പഠനയാത്രകൾ
* സെമിനാറുകൾ
* കലാ –കായികമേള
* ഐ. ടി. പരിശീലനം
* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ
* ക്ലാസ്സ് പി. ടി എ. സജീവമാക്കൽ
* സ്കൂൾ പത്രം\മാസിക
* പ്രവൃത്തി പരിചയപഠനം
* ഒന്നാം ക്ലാസ്സ് ഒന്നാംതരം
* എസ്. ആർ .ജി. ശക്തീകരണം
* ശാസ്ത്രാഭിരുചി വളർത്തൽ

# പദ്ധതി വിശദാംശങ്ങൾ

**ഉപമേഖല – ഇംഗ്ലീഷ് ഭാഷാ പഠനം**
**പ്രവർത്തനം 1 – ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ – ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് – ഓരോ കുട്ടിയും. | എല്ലാ ദിവസവും – തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

## ഉപമേഖല: ഇംഗ്ലീഷ്
## പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | – |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ – വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | – |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | – |

| ഉപമേഖല – മലയാളം<br>പ്രവർത്തനം 1 – ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ) | 6 മാസം–1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG | PTA |

| | | | | |
|---|---|---|---|---|
| | 6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗക ര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം | മലയാളം ടീച്ചർ | PTA 10,00,000/-<br>-<br>-<br>- |

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പി ക്കുക | പത്രവായന – പരമാ വധി പത്രങ്ങൾ സ്പോൺസർഷിപ്പി ലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br>"<br>മലയാളം അധ്യാപകർ | PTA<br>PTA |

| | | | | |
|---|---|---|---|---|
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം<br>SRG | PTA<br>15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യക്കാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം<br>SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| വിവിധ ശേഷികളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | – |
| **ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക** |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല – സോഷ്യൽ സയൻസ് – മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യായപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |


| ഉപമേഖല – സോഷ്യൽ സയൻസ് – മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യായപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## <u>ഉപമേഖല – സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര–നൂതന അറിവുകൾ– കത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും<br>ഒരു വർഷം | S.S.ക്ലബ്ബ് | – |

## <u>ഉപമേഖല – പഠനയാത്രകൾ</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഏജൻസി/ സാമ്പത്തിക** |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ്ക്കോണ്ടോ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NAS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | – |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |

| | | | | |
|---|---|---|---|---|
| 3. <u>**ശാസ്ത്രലാബ് നവീകരണം**</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | – |

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | – |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | – |

## ഹിന്ദി

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക.<br>2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | ഹിന്ദി ടീച്ചർ | പി.ടി.എ.<br>സ്പോൺസർഷിപ്പ് |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| | 6). കുട്ടികളെ കൊ ് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട് . ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതു സ്ഥലവും വിദ്യാലയമാണ് . മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ടണ്ട വിദ്യാഭ്യാസ ലോകം ഇന്ന് തീർത്തും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സ്ഥായിയായി മാറ്റാനുള്ള പ്രായോഗിക പ്രവർത്തനവുമാണ് കേരളം ഗവൺമെന്റ് വിദ്യാഭാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യത്നം. സമഗ്രവും ശാസ്ത്രീയവുമായ ബദൽ പ്രവർത്തനമാണ് ഇത്. കേരളത്തിന്റെ നവോഥാന പ്രവർത്തങ്ങൾ ക്ക തുടർച്ച ഉണ്ടാക്കണതും പുതിയ ലോകം സൃഷ്ടിക്കാനുമുള്ള കർമ്മ പദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു .